കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

| | |
|---|---|
| വിഷയം:- | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025-ലെ പൊതുതിരഞ്ഞെടുപ്പ് - അന്തിമ വോട്ടർപട്ടികയിൽ ഭേദഗതികൾ വരുത്തുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം:- | കമ്മീഷന്റെ 19.07.2025, 27.09.2025 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ. |

**ഉത്തരവ് നം.B2/101/2025-SEC** തീയതി: **03-11-2025**

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2025-ൽ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേയ്ക്ക് വോട്ടർപട്ടിക പുതുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് കമ്മീഷൻ 19.07.2025-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും അതനുസരിച്ച് വോട്ടർപട്ടിക 02.09.2025-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വോട്ടർപട്ടിക കരടായി 29.09.2025-ൽ പ്രസിദ്ധീകരിക്കുകയും അവ സംബന്ധിച്ച് ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ 25.10.2025-ൽ അന്തിമവോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

മേൽപറഞ്ഞ പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ വോട്ടർമാർക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 23, 24 വകുപ്പുകൾ പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 79, 80 വകുപ്പുകൾ പ്രകാരവും പേര് ചേർക്കുന്നതിനും നിലവിലുള്ള ഉൾക്കുറിപ്പുകളിൽ ഭേദഗതിവരുത്തുന്നതിനും ഒഴിവാക്കുന്നതിനുള്ള അപേക്ഷകളും ആക്ഷേപങ്ങളും പരാമർശ ഉത്തരവുകളിലെയും അനുബന്ധം-1 ലെയും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്വീകരിക്കേണ്ടതും അതിന്മേലുള്ള തുടർ നടപടികൾ ചുവടെപറയുന്ന സമയക്രമം പാലിച്ചുകൊണ്ട് പൂർത്തിയാക്കേണ്ടതുമാണ്. പ്രവാസി ഭാരതീയരുടെ വോട്ടർപട്ടികയിലും മേൽപറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതാണ്. അത്തരത്തിൽ തയ്യാറാക്കുന്ന സപ്ലിമെന്ററി പട്ടികകൾ 14.11.2025-ൽ പ്രസിദ്ധീകരിക്കേണ്ടതും അവ മുമ്പ് നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം രാഷ്ട്രീയ പാർട്ടികൾക്കും മറ്റും നൽകേണ്ടതുമാണ്.

**കാര്യപരിപാടി**

| | | |
|---|---|---|
| അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന തീയതികൾ | : | 04.11.2025(ചൊവ്വ), 05.11.2025(ബുധൻ) |
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കൽ | : | 13.11.2025 (വ്യാഴം) |
| അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | : | 14.11.2025 (വെള്ളി) |

Signed by
Prakash B S
Date: 03-11-2025 16:23:27
PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും
(അപ്പലേറ്റ് ഓഫീസർ & അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ - റൂറൽ)
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
(അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ - അർബൻ)
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി

പകർപ്പ്:
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്,
കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

<u>അനുബന്ധം-1</u>

1.പേര് ചേർക്കുന്നതിനും തിരുത്തുന്നതിനും സ്ഥാനമാറ്റം വരുത്തുന്നതിനുള്ള അപേക്ഷകളും ആക്ഷേപങ്ങളും പരാമർശത്തിലെ നിർദ്ദേശപ്രകാരം ഫാറം 4, 4എ, 6, 7 എന്നിവയിൽ അനുയോജ്യമായവയിൽ സ്വീകരിച്ച് തുടർനടപടി സ്വീകരിക്കണം. എന്നാൽ പേര് ഒഴിവാക്കുന്നതിനുള്ള ഫാറം 5-ലെ ആക്ഷേപവും ഫാറം 8-ലെ അപേക്ഷയും ഡ്യൂപ്ലിക്കേറ്റ് സഹിതം നേരിട്ടോ തപാൽ മുഖാന്തിരമോ നിശ്ചിത സമയത്തിനകം (2 days) സ്വീകരിക്കേണ്ടത്.

2. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വാർഡ് മാപ്പിംഗ് ചെയ്തിട്ടുള്ളത് ശരിയാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തി വേണം വോട്ടർപട്ടിക പ്രസിദ്ധീകരിക്കേണ്ടത്.

3. 2025-ൽ പുറപ്പെടുവിച്ചിട്ടുള്ള സംവരണ ഉത്തരവനുസരിച്ച് ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളുടെ സംവരണ വിവരം കൃത്യമായും വോട്ടർപട്ടികയിൽ രേഖപ്പെടുത്തേണ്ടതാണ്.

**Step 1: Ward-level Update**

1. Login as LB_Admin → eRoll → Activities → Manage Ward

2. Click Action → Edit → Update Reservation & Local Language (if the ward is under linguistic minority)

3. Click Update to save the changes

4. കമ്മീഷൻ കാലാകാലങ്ങളിൽ സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യത കൽപ്പിച്ചവരിൽ നിലവിൽ അയോഗ്യതയുള്ളവർ മേൽപ്പറഞ്ഞപ്രകാരം തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെട്ടുവരുന്നെങ്കിൽ അത്തരം പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതും അത്തരം ആളുകളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി അന്തിമപട്ടികയോടൊപ്പം വരണാധികാരിക്ക് നൽകേണ്ടതുമാണ്.

5. ഇപ്രകാരമുള്ള അപേക്ഷകളിലെയും, ആക്ഷേപങ്ങളിലേയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ തീരുമാനത്തിനെതിരെയുള്ള അപ്പീൽഅധികാരി ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ആയിരിക്കും. 10/- രൂപ ഫീസ് സഹിതം മെമ്മോറാണ്ടം രൂപത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

6. ഭാഷാ ന്യൂനപക്ഷ വാർഡുകളെ സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവ് അനുസരിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ ERMS-ൽ വരുത്തേണ്ടതാണ്.

**Step 2: Linguistic Minority PS Update**

1. Login as LB_Admin → eRoll → Activities → Manage Polling Station

2. Click Action → Edit → Enter Local Language → Update

3. Go to Action → Mark Linguistic Minority → Choose Language → Update

(Note: Gram Panchayat should ensure that the corresponding Block Panchayat and District Panchayat ward names are also entered in the local language (Tamil/Kannada) ).

7. ഇപ്പോൾ നടക്കുന്ന വോട്ടർ പട്ടിക പുതുക്കലിൽ വേളയിൽ Suo-moto bulk transposition വഴി വോട്ടർമാരെ ക്രമീകരിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതല്ല.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025-ലെ പൊതുതിരഞ്ഞെടുപ്പ് - വോട്ടർപട്ടിക പുതുക്കുന്നത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 19.07.2025-ലെ കമ്മീഷന്റെ ബി2/101/2025-സം.തി.ക നമ്പർ ഉത്തരവ്.

**ഉത്തരവ് നം.B2/101/2025-SEC** **തീയതി: 27-09-2025**

**<u>ഉത്തരവ്</u>**

2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സൂചന (1) ലെ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടർപട്ടിക പുതുക്കുകയും അന്തിമപട്ടിക 2025 സെപ്റ്റംബർ 02 ന് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്ത്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി എന്നിവ ഒഴികെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഡീലിമിറ്റേഷൻ കമ്മീഷന്റെ 2025-ലെ അന്തിമ വാർഡ് വിഭജന ഉത്തരവിലെ വാർഡുകളുടെ അതിർത്തി വിവരണം അടിസ്ഥാനമാക്കി സമ്മതിദായകരെ transposition-ലൂടെ പുനർക്രമീകരിച്ചുകൊണ്ടും, വാർഡ് വിഭജനം നടക്കാത്ത തൃക്കടീരി ഗ്രാമപഞ്ചായത്ത്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി എന്നിവയെ സംബന്ധിച്ച് നിലവിലുള്ള വാർഡുകളിലെ വോട്ടർപട്ടികയുമാണ് 02.09.2025-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

2. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ കാലാവധി 10.09.2027 ലാണ് അവസാനിക്കുന്നത്. അതിനാൽ, മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2025-ൽ പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ടതായിട്ടുണ്ട്. എങ്കിലും മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി 941 ഗ്രാമ പഞ്ചായത്തുകളിലെ 17337 നിയോജകമണ്ഡലങ്ങളിലെയും, 87 മുനിസിപ്പാലിറ്റികളിലെ 3205 വാർഡുകളിലേയും, 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ 421 വാർഡുകളിലേയും വോട്ടർപട്ടിക പുതുക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ വാർഡ് വിഭജനത്തിന് മുമ്പുള്ള 35 വാർഡുകളിലെ വോട്ടർ പട്ടികയാണ് ഇതോടൊപ്പം പുതുക്കേണ്ടത്.

3. മേൽ വിവരിച്ച സാഹചര്യങ്ങളിൽ, സംസ്ഥാനത്തെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും 2025-ലെ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേക്ക് 02.09.2025 ൽ പ്രസിദ്ധീകരിച്ച വോട്ടർ പട്ടിക 2025 സെപ്റ്റംബർ 29 (തിങ്കൾ) കരടായി പ്രസിദ്ധീകരിച്ച് അനുബന്ധം 1-ലും അനുബന്ധം 2-ലും ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പുതുക്കുന്നതിന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോടും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോടും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

4. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ഓരോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും തങ്ങളുടെ തദ്ദേശ സ്ഥാപനത്തിലെ ഓരോ വാർഡിന്റെയും അതിർത്തികൾ

അന്തിമ വാർഡ് വിഭജന ഉത്തരവിലെ അതിർത്തി വിവരണ പ്രകാരമാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ഉത്തരവിലെ അതിർത്തി വിവരണ പ്രകാരമല്ലെങ്കിൽ Suo-Moto ആയോ അപേക്ഷ സ്വീകരിച്ചോ അപാകതകൾ പരിഹരിക്കേണ്ടതും സമ്മതിദായകരെ ഉത്തരവിലെ അതിർത്തി വിവര പ്രകാരം, ERO യുടെ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പുന:ക്രമീകരിക്കേണ്ടതുമാണ്.

Signed by
Prakash B S
Date: 27-09-2025 11:55:46
PRAKASH.B.S
SECRETARY

എല്ലാ  ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും

എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

(അപ്പലേറ്റ് ഓഫീസർ & അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ- റൂറൽ)

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

(അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ- അർബൻ)

ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സർക്കിൾ

(അറിവിലേക്കും ആവശ്യമായ സഹായത്തിനുമായി)

പകർപ്പ് :-

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

കമ്മീഷണറുടെ പി.എസ്

സെക്രട്ടറിയുടെ സി.എ

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

<u>അനുബന്ധം - 1</u>

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും/1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും, സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി വേണം വോട്ടർപട്ടിക പുതുക്കേണ്ടത്.
2. വോട്ടർപട്ടിക പുതുക്കുന്ന നടപടി തുടങ്ങും മുൻപ് പ്രസ്തുത നിയോജകമണ്ഡല/ വാർഡിലെ പട്ടിക പുതുക്കുന്നതിനെതിരെ എന്തെങ്കിലും കോടതി തീർപ്പുകളോ മറ്റു നിർദ്ദേശങ്ങളോയില്ലെന്ന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ/ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.
3. വോട്ടർപട്ടിക തയ്യാറാക്കുന്ന കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർ മുഖേന സ്വീകരിക്കേണ്ടതാണ്. കൂടാതെ, ഇക്കാര്യത്തിൽ മതിയായ പ്രചാരണം നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്. അക്ഷയ സെന്ററുകൾ, അംഗൻവാടികൾ, ലൈബ്രറികൾ, റേഷൻകടകൾ, പബ്ലിക്ക് നോട്ടീസ് ബോർഡുകൾ, സാംസ്കാരിക നിലയങ്ങൾ മുതലായവയിലൂടെയും, സോഷ്യൽ മീഡിയയിലൂടെയും, പത്രവാർത്ത, മൈക്ക് അനൗൺസ്മെന്റ് എന്നീ രീതികളിലൂടെയും പ്രചാരണം നടത്തേണ്ടതാണ്.
4. **<u>വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2025 ആണ്.</u>** യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള **2025 ജനുവരി 1- ാം** തീയതിയോ **അതിനുമുമ്പോ 18 വയസ് പൂർത്തിയായവരെ മാത്രമേ** വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. ഇക്കാര്യം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.
5. 2025 സെപ്റ്റംബർ 02 ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടിക അടിസ്ഥാനമാക്കി വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കരട് വോട്ടർ പട്ടിക തയ്യാറാക്കേണ്ടത്.
6. 2025 സെപ്റ്റംബർ 02 ന് പ്രസിദ്ധീകരിച്ച വോട്ടർപട്ടിക അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ ലോഗിനിൽ ലഭ്യമാണ്. അവയിൽ അപാകതകൾ ഇല്ലെന്ന് ഉറപ്പാക്കിവേണം ഡൗൺലോഡ് ചെയ്ത് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കേണ്ടത്.
7. കരട് വോട്ടർപട്ടികയും അതു സംബന്ധിച്ച 3-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസും ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാ ഓഫീസിലും അതാത് ബ്ലോക്ക് ആസ്ഥാനത്തും വില്ലേജാഫീസിലും താലൂക്കാഫീസിലും <u>29.09.2025 (**തിങ്കൾ**)</u>-ൽ പ്രസിദ്ധപ്പെടുത്തണം. പഞ്ചായത്തുകളെ സംബന്ധിച്ച കരട് വോട്ടർ പട്ടിക അതാത് ബ്ലോക്ക്, പഞ്ചായത്ത് ആസ്ഥാനത്തുംകൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ള

രേഖ ബന്ധപ്പെട്ട ആഫീസ് തലവൻമാരിൽ നിന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരിൽ നിന്നും വാങ്ങി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും അത് സംബന്ധിച്ച സാക്ഷ്യപത്രം അന്നേ ദിവസം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കുകയും വേണം.

8. കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം മരണപ്പെട്ടവരുടെ പേരുവിവരം, ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ഉറപ്പുവരുത്തിയശേഷം അപ്രകാരമുള്ള പേരു വിവരവും മറ്റ് വിശദാംശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അപ്രകാരം പ്രസിദ്ധപ്പെടുത്തി 7 (ഏഴ്) ദിവസത്തിനുശേഷം ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പോ അഭിപ്രായമോ ആക്ഷേപമോ ലഭിക്കാത്തപക്ഷം, മരണപ്പെട്ട ആളുടെ പേരു വിവരം, നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വമേധയാ നീക്കം ചെയ്യേണ്ടതുമാണ്.

9. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷകളും **(ഫാറം 4)** വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച ആക്ഷേപങ്ങളും **(ഫാറം 6)** ഒരു പോളിംഗ് സ്റ്റേഷനിൽ നിന്നും മറ്റൊരു പോളിംഗ് സ്റ്റേഷനിലേയ്ക്കോ ഒരു നിയോജകമണ്ഡല / വാർഡിൽ നിന്നും മറ്റൊരു നിയോജകമണ്ഡല /വാർഡിലേയ്ക്കോ ഉള്ള സ്ഥാനമാറ്റം സംബന്ധിച്ച അപേക്ഷകളും **(ഫാറം 7)** ഓൺലൈനായി വേണം സ്വീകരിയ്ക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപങ്ങൾ **(ഫാറം 5)** ഓൺലൈനിൽ രജിസ്റ്റർ ചെയ്ത ശേഷം അവയുടെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം. **<u>ഓൺലൈനിൽ രജിസ്റ്റർ ചെയ്യാതെ തന്നെ ഫാറം 5 പൂരിപ്പിച്ച് ഒപ്പിട്ട് നേരിട്ടോ തപാലിലൂടെയോ നിർദ്ദിഷ്ട സമയപരിധിയിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കാവുന്നതുമാണ്. ഈ വിധം സമർപ്പിക്കപ്പെടുന്ന എല്ലാ ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി യഥാസമയം സ്വീകരിയ്ക്കേണ്ടതാണ്.</u>**

10. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തനിക്ക് യഥാവിധി ലഭിക്കുന്ന ഓരോ അവകാശവാദവും ആക്ഷേപവും സംബന്ധിക്കുന്ന വിവരങ്ങൾ അതാത് സംഗതിപോലെ 9, 10, 11 നമ്പർ ഫോറങ്ങളിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതും, അത്തരം ലിസ്റ്റുകളുടെ ഓരോ കോപ്പി പ്രസ്തുത ആക്ഷേപങ്ങളിലും അവകാശവാദങ്ങളിലും തീർപ്പ് കൽപിക്കുന്നതുവരെ പഞ്ചായത്തിന്റെ /മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

11. മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടതാണ്. **ഓൺലൈൻ അപേക്ഷകളിൻമേൽ നടപടി എടുക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്.**

12. 2025 സെപ്റ്റംബർ 02 ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടിക പുതുക്കൽ വേളയിൽ ലഭിച്ചിട്ടുള്ള

അപ്പീൽ തീരുമാനങ്ങൾ ഉൾപ്പെടുത്തി വേണം അന്തിമ വോട്ടർപട്ടിക **ഫാറം 16** -ൽ <u>25.10.2025 (ശനി)</u> ന് നിശ്ചിത സ്ഥലങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. അന്തിമ വോട്ടർ പട്ടിക എല്ലാ തദ്ദേശ സ്ഥാപനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പ് വരുത്തി അന്നേ ദിവസം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

13. **പ്രവാസി ഭാരതീയരുടെ വോട്ടർപട്ടികയും ഇതോടൊപ്പം തയ്യാറാക്കേണ്ടതാണ്. പ്രവാസി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഫാറം 4എ-ലെ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ കമ്മീഷന്റെ https://www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിർദ്ദിഷ്ട തീയതിക്കകം നേരിട്ടോ തപാലിലൂടെയോ ഒപ്പ് രേഖപ്പെടുത്തി ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ പകർപ്പുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് അന്തിമ പട്ടിക തയ്യാറാക്കേണ്ടതും അവ യഥാവിധി പ്രസിദ്ധീകരിക്കുന്നതിനൊപ്പം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഔദ്യോഗിക വെബ് സൈറ്റിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതുമാണ്.**
14. കരട് വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടികയുടെയും (സപ്ലിമെന്ററികൾ ഉൾപ്പെടെ) രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ദേശീയ രാഷ്ട്രീയ പാർട്ടികൾക്കും, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കേരള സംസ്ഥാനത്ത് പ്രത്യേക ചിഹ്നം അനുവദിച്ചിട്ടുള്ള പാർട്ടികൾക്കും, കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള മറ്റ് രാഷ്ട്രീയ പാർട്ടികൾക്കും, അതോടൊപ്പം, സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടം 21 (സി) അനുസരിച്ച് 03.02.2024 ലെ 09/2024/സം.തി.ക നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരു ചിഹ്നം സംവരണം ചെയ്ത് നൽകിയിട്ടുള്ള രാഷ്ട്രീയ പാർട്ടികൾക്കും കരട് വോട്ടർ പട്ടികയുടെയും അന്തിമ വോട്ടർ പട്ടികയും (സപ്ലിമെന്ററി ഉൾപ്പെടെ) രണ്ടു പകർപ്പുകൾ വീതം സൗജന്യമായി നൽകുന്നതിന് നിർദ്ദേശം നൽകുന്നു. ഇത്തരത്തിൽ പകർപ്പ് നൽകുന്നതിന് രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന/ജില്ലാ തലവൻ ബന്ധപ്പെട്ട വ്യക്തിയെ ചുമതലപ്പെടുത്തിക്കൊണ്ടു നൽകുന്ന Authorisation Letter സഹിതം, വോട്ടർ പട്ടികയുടെ പകർപ്പിന് വേണ്ടിയുള്ള അപേക്ഷ നിർബന്ധമായും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ വാങ്ങി ഫയലായി സൂക്ഷിക്കേണ്ടതാണ്. മറ്റുള്ളവർക്ക് പേജ് ഒന്നിന് രൂപ 3+GST എന്ന നിരക്കിൽ വിലയ്ക്ക് നൽകാവുന്നതാണ്.
15. വോട്ടർപട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവരുടെ തീരുമാനങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ബന്ധപ്പെട്ട അപേക്ഷകർക്കും ആക്ഷേപകർക്കും രേഖാമൂലം കൈമാറേണ്ടതുമാണ്. വോട്ടർപട്ടിക പുതുക്കൽ പ്രക്രിയ ആരംഭിക്കുന്നത് മുതൽ അന്തിമമാക്കുന്നതുവരെയുള്ള നടപടിക്രമങ്ങളുടെ രേഖകൾ ക്രമനമ്പറിട്ട് ഫയലായി സൂക്ഷിച്ചുപോരേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുമുള്ള പരിശോധനക്കും വിധേയമാക്കേണ്ടതുമാണ്.
16. ERMS (Electoral Roll Management System) - സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന അന്തിമ

വോട്ടർ പട്ടികയിൽ കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നീ സപ്ലിമെന്ററി പട്ടികകൾ ജനറേറ്റ് ചെയ്ത് വന്നിട്ടുണ്ടോയെന്നും കൂട്ടിച്ചേർക്കലുകൾക്ക് കരട് പട്ടികയ്ക്കുശേഷമുള്ള തുടർച്ചയായ ക്രമനമ്പറുകൾ വന്നിട്ടുണ്ടോയെന്നും അതോടൊപ്പം, വീട്ടു നമ്പർ, ഫോട്ടോ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെയെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

17. അപേക്ഷകർ, ആക്ഷേപകർ ഉന്നയിച്ചിട്ടുള്ള അവകാശ വാദങ്ങളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ കൈക്കൊള്ളുന്ന ഏതൊരു തീരുമാനത്തിനുമെതിരെ അതത് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (അപ്പലേറ്റ് ഓഫീസർ) മുമ്പാകെ ചട്ടപ്രകാരം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

18. വിദൂരസ്ഥലങ്ങളിൽ പഠനം, ജോലി തുടങ്ങിയവയുമായി ബന്ധപ്പെട്ട നേരിട്ടുള്ള ഹീയറിംഗിനു ഹാജരാവാൻ കഴിയാത്തവർക്ക് മാത്രമായി ഓൺലൈൻ ഹീയറിങ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഇതിനായി ഓൺലൈനായി സമർപ്പിച്ച എല്ലാ വിവരങ്ങളും ഉൾപ്പെട്ട അപേക്ഷയുടെ പ്രിൻറ്ഔട്ടിൽ അപേക്ഷകൻ ഒപ്പ് രേഖപ്പെടുത്തി ഇ-മെയിലായോ മറ്റു രീതിയിലോ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതും അപേക്ഷയിലെ നിജസ്ഥിതി ബോധ്യപ്പെട്ട് പട്ടികയിൽ പേരുൾപ്പെടുത്താനുള്ള നടപടികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണ്. കമ്മീഷന്റെ 17.07.2025 ലെ ബി2/214/2023/സം.തി.ക നമ്പർ സർക്കുലറിലെ നിർദേശം പാലിച്ചുകൊണ്ടുവേണം നടപടി സ്വീകരിക്കേണ്ടത്.

19. സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ പട്ടിക പുതുക്കൽ പ്രക്രിയയിൽ നടപടിക്രമങ്ങൾ എല്ലാം പാലിക്കേണ്ടതും അനർഹരായവർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും, അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഔദ്യോഗിക കർത്തവ്യലംഘനം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 28-ാം വകുപ്പോ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 84 എ വകുപ്പോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

20. **കമ്മീഷൻ കാലാകാലങ്ങളിൽ സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യത കൽപ്പിച്ചവരിൽ നിലവിൽ അയോഗ്യതയുള്ളവർ മേൽപ്പറഞ്ഞപ്രകാരം തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെട്ടുവരുന്നെങ്കിൽ അത്തരം പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതും അത്തരം ആളുകളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി അന്തിമപട്ടികയോടൊപ്പം വരണാധികാരിക്ക് നൽകേണ്ടതുമാണ്.**

21. ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ, ജില്ലാ ഇൻഫർമേഷൻ ആഫീസർ, അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടർ എന്നിവരുടെ ഒരു യോഗം കളക്ടറേറ്റിൽ

ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും വോട്ടർപട്ടിക പുതുക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കേണ്ടതുമാണ്. പ്രസ്തുത യോഗതീയതി തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. അതോടൊപ്പം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി തലത്തിൽ ഒരു സർവകക്ഷിയോഗം ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറുടെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർത്ത് വോട്ടർ പട്ടിക പുതുക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദമാക്കേണ്ടതാണ്. വോട്ടർ പട്ടിക പുതുക്കുന്നത് സംബന്ധിച്ച കാര്യപരിപാടികൾ ചുവടെ ചേർക്കുന്നു.

**<u>വോട്ടർപട്ടിക പുതുക്കൽ - കാര്യപരിപാടി</u>**

| | | |
|---|---|---|
| കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | : | 29.09.2025 (തിങ്കൾ) |
| അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന അവസാന തീയതി | : | 14.10.2025 (ചൊവ്വ) |
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കൽ | : | 24.10.2025 (വെള്ളി) |
| അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | : | 25.10.2025 (ശനി) |

## ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈൻ അപേക്ഷകളിൽ സ്വീകരിക്കുന്ന നടപടികൾ

1. അപേക്ഷകൻ കമ്മീഷന്റെ https://www.sec.kerala.gov.in എന്ന വെബ്സൈറ്റിലൂടെയാണ് ഓൺലൈൻ അപേക്ഷകൾ അയയ്ക്കേണ്ടത്.
2. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും (ഫാറം 4) ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും (ഫാറം 6) പേരു വിവരം ഒരു വാർഡിലെ ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേയ്ക്കോ മറ്റൊരു വാർഡിലേയ്ക്കോ മാറ്റുന്നതിനും (ഫാറം 7) ഉള്ള അപേക്ഷകൾ/ആക്ഷേപങ്ങൾ ഓൺലൈനിലൂടെ മാത്രം സ്വീകരിക്കേണ്ടതാണ്.
3. ഓൺലൈൻ അപേക്ഷകൾ അയയ്ക്കുമ്പോൾ തന്നെ അപേക്ഷകന് നേർവിചാരണയ്ക്കുള്ള നോട്ടീസ് (യഥാക്രമം ഫാറം 12, 15, 15 എ) ലഭിക്കും.
4. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് അല്ലെങ്കിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച ആക്ഷേപങ്ങൾ (ഫാറം 5-ൽ) ഓഫ്ലൈനായും ഓൺലൈനായും സമർപ്പിക്കാവുന്നതാണ്. ആക്ഷേപങ്ങൾ (ഫോറം 5) ഓൺലൈനായി സമർപ്പിച്ചതിനു ശേഷം പ്രിൻറൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി ആക്ഷേപകർ നേരിട്ടോ തപാലിലോ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് ലഭ്യമാക്കിയാൽ മാത്രമേ ആക്ഷേപം സാധു ആകുകയുള്ളൂ.നേരിട്ടോ തപാലിലൂടെയോ വേണം സ്വീകരിക്കേണ്ടത്. 8-ാം ഫാറത്തിലെ അപേക്ഷ യും നേരിട്ട് വേണം സ്വീകരിക്കേണ്ടത്. എന്നാൽ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ 8-ാം നമ്പർ ഫാറത്തിലെ ആപേക്ഷ സ്വീകരിക്കാൻ പാടുള്ളൂ.
5. നേരിട്ട് ലഭിച്ച ഫോറം 5, ക്ലാർക്ക് ഓൺലൈനിൽ രേഖപ്പെടുത്തുക. ഓൺലൈനിൽ ലഭിച്ച ഫോം 5 ന്റെ ഒപ്പിട്ട ഫിസിക്കൽ കോപ്പി കിട്ടിയാൽ കിട്ടിയ ദിവസവും സമയവും ക്ലാർക്ക് രേഖപ്പെടുത്തി വെരിഫൈ ചെയ്ത് കഴിഞ്ഞാൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേർവിചാരണയ്ക്കുള്ള തീയതി അസൈൻ ചെയ്യുവാൻ സാധിക്കും. നേർവിചാരണയ്ക്കുള്ള തീയതി സെറ്റ് ചെയ്ത ശേഷം ഫോറം 13, 14 എന്നിവ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ആക്ഷേപകന് ഫാറം 13-ലും ആർക്കെതിരെയാണോ ആക്ഷേപം ഉന്നയിക്കുന്നത് അയാൾക്ക് ഫാറം 14-ലും നേർവിചാരണക്കുള്ള നോട്ടീസ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിലവിലെ രീതിയനുസരിച്ച് നൽകണം.
6. *https://www.sec.kerala.gov.in/* എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഓരോ ദിവസവും ഓൺലൈനിലൂടെ ലഭിക്കുന്ന അപേക്ഷകളുടെയും/ആക്ഷേപങ്ങളുടേയും ലിസ്റ്റുകൾ (ഫാറം 9, 10, 11) പ്രിന്റ് എടുത്തു പ്രസിദ്ധീകരിക്കേണ്ടതാണ് [ERO (LB_Admin Delimitation 2025) / Clerk (LB_User)→Reports→ Download Form 9, Form 11 →Date →Form 9/Form 11→ Print].
7. ഫാറം 5,8 എന്നിവയിൽ നേരിട്ട് ലഭിക്കുന്ന ആക്ഷേപങ്ങളുടെ ലിസ്റ്റ് ഫാറം 10-ൽ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ഫാറം 5 ൽ ലഭിച്ച ആക്ഷേപങ്ങൾക്ക് നേർവിചാരണ തീയതി ഇലക്ട്റൽ രജിസ്ട്രേഷൻ ഓഫീസർക്ക് ഓൺലൈനായി എന്റർ ചെയ്യാവുന്നതാണ്. അതിനു ശേഷം ഫാറം 10 ക്ലർക്കിന് download ചെയ്യെടുക്കാനാകും.[ERO (LB_Admin Delimitation 2025) / Clerk (LB_User)→Reports→ Download Form 10→Date → Form 10→Print].
8. ഓരോ ദിവസവും നേർവിചാരണയ്ക്ക് അപേക്ഷകർ ഹാജരാകുന്ന മുറയ്ക്ക് അവരുടെ അപേക്ഷ പരിശോധിക്കുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും സെക്ഷൻ ക്ലാർക്കിനെ *(LB_User)* ചുമതലപ്പെടുത്തേണ്ടതാണ്.
9. അപേക്ഷകർ നേർവിചാരണയ്ക്ക് ഹാജരാകുന്ന മുറയ്ക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള ഓരോ അപേക്ഷയും ERO വിശദമായി പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തേണ്ടതുമാണ്. തുടർന്ന് അവയുടെ പ്രിന്റ് എടുത്ത് അതിൽ അപേക്ഷകന്റെ ഒപ്പ് വാങ്ങേണ്ടതാണ്. പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോ upload ചെയ്തിട്ടില്ലെങ്കിൽ, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ വാങ്ങി upload ചെയ്യേണ്ടതും അപേക്ഷയിൽ ഒട്ടിക്കേണ്ടതുമാണ്. [LB_User→eRolls→ Operations → Verify Name Inclusion/Corrections/Transpositions → List →(Voter) Action → Upload Photo (if

needs)→ (Voter) Action → Verify/ Reject_Verify→Verify/ Reject Verify → Forward to ERO for Confirmation].

10. യൂസർ verify ചെയ്ത് അയക്കുന്ന അപേക്ഷകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് Admin profle–ൽ ലഭ്യമാകും.
11. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (LB_Admin) പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിക്കണം. ആവശ്യമെങ്കിൽ, തുടർ അന്വേഷണം നടത്തുകയും വേണം. 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, ഇലക്ടറൽ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. തുടർന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രസ്തുത അപേക്ഷയുടെ പ്രിന്ററിലും ഓൺലൈനിലും ആവശ്യമായ എൻട്രി വരുത്തണം. LB_User→eRolls→ Operations →Approve Name Inclusion/ Corrections/ Transpositions → List → (Voter) Action → Approve/ Reject
12. പേര് ഉൾപ്പെടുത്തുമ്പോൾ അപേക്ഷിക്കുന്ന ഒരാൾ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വോട്ടറാണെങ്കിൽ, ആ ജില്ല യുടെ പേരും തിരിച്ചറിയൽ കാർഡ് നമ്പരും കൂടി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു വോട്ടറുടെ പേര് ചേർക്കുമ്പോൾ നിലവിലുള്ള പേരുവിവരം ഒഴിവാക്കുന്നതിന് ആ സ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക്ഓൺലൈൻ നിർദ്ദേശം ലഭിക്കുന്നതാണ് [LB_Admin→eRolls→ Operations→ Approve Deletions (Form5/ Form8/ Deletion Requests)→List→ (voter) Action → Approve]
13. ഫാറം 5–ലും 8–ലും ലഭിക്കുന്ന ആക്ഷേപങ്ങൾ നേർവിചാരണയ്ക്കും തുടർ അന്വേഷണത്തിനും ശേഷം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് ബോധ്യപ്പെടുന്നതിനനുസരിച്ച് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. അവ അംഗീകരിക്കുന്ന പക്ഷം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈനിലൂടെ ആവശ്യമായ എൻട്രി വരുത്തേണ്ടതാണ്.[LB_Admin→eRolls→ Operations→ Approve Deletions (Form5/ Form8/ Deletion Requests)→List→ (voter) Action → Approve]
14. അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിവരം അപേക്ഷകനെ നേരിട്ടോ തപാലിലൂടെയോ അറിയിക്കേണ്ടതാണ്.
15. പുതിയതായി പേര് ഉൾപ്പെടുത്തുന്നവർക്ക് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിലുള്ള ഒരു തിരിച്ചറിയൽ രേഖ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ നൽകേണ്ടതാണ്.

# ഓൺലൈനായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും, ഒഴിവാക്കുന്നതിനും, തിരുത്തലുകൾ വരുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ (Citizen Profile)

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റ് സന്ദർശിച്ച് (**www.sec.kerala.gov.in**) Sign In പേജിലെ **Citizen Registration** വഴി പേരും മൊബൈൽ നമ്പരും പാസ്സ്‌വേർഡും നൽകി profile create ചെയ്യാവുന്നതാണ്. OTP authentication നടന്ന mobile നമ്പർ ആയിരിക്കും ലോഗിൻ ചെയ്യുവാനുള്ള username.
2. Mobile Number & password നൽകി ലോഗിൻ ചെയ്യുക. Profile ൽ Form 4, Form 5, Form 6, Form 7 ഉം പ്രവാസി വോട്ടർമാരുടെയും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വലതുവശത്ത് മുകളിലായി (Help) ൽ Screen cast വീഡിയോകൾ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട രീതി മുഴുവനായി ആ വീഡിയോകളിൽ കാണാവുന്നതാണ്.
3. **വോട്ടറുടെ പുതിയ SECID കണ്ടുപിടിക്കുന്നതിനായി പ്രൊഫൈലിലെ Search New SEC ID Option ഉപയോഗപ്പെടുത്താം.**
4. അതാത് പ്രൊഫൈൽ വഴി സമർപ്പിച്ച അപേക്ഷകളുടെ ലിസ്റ്റും ബന്ധപ്പെട്ട ഫോറങ്ങളും Dashboard ൽ ലഭ്യമാകുന്നതാണ്. ഓരോ അപേക്ഷയിന്മേലും ഇലക്ടറൽ റെജിസ്ട്രേഷൻ ഓഫീസർമാർ എടുത്ത നടപടികളെ സംബന്ധിച്ച വിവരം status ഓപ്ഷൻ വഴി അപേക്ഷകർക്ക് അറിയാവുന്നതാണ്.

**ഫാറം 4 : പേര് ഉൾപ്പെടുത്തുന്നതിന്**

**ഫാറം 5 : പേര് ഒഴിവാക്കുന്നതിന്/ ആക്ഷേപം**

**ഫാറം 6 : തിരുത്തലുകൾ**

**ഫാറം 7 : വാർഡ്/ഭാഗം മാറുന്നതിന്**

## Name Inclusion (Form 4)

1. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയിൽ ആദ്യമായി പേര് ചേർക്കുന്നതിന് *Name Inclusion (Form 4)* എന്ന button സെലക്ട് ചെയ്യുക.
2. ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ എന്നിവ തിരഞ്ഞെടുക്കുക. അതേ ഭാഗത്തിൻറെ വോട്ടർ പട്ടികയിലെ നിങ്ങളുടെ കുടുംബാംഗത്തിന്റെയോ അയൽവാസിയുടെയോ സീരിയൽ നമ്പർ കൊടുക്കുയും ശേഷം വോട്ടറുടെയും രക്ഷകർത്താവിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക.
3. വോട്ടറുടെ ഫോട്ടോ Upload ചെയ്ത് proceed ക്ലിക്ക് ചെയ്യുക
4. വോട്ടർ നൽകിയ വിവരങ്ങൾ സ്ക്രീനിൽ ലഭ്യമാകും. അവ പരിശോധിച്ചതിന് ശേഷം ശരിയാണെങ്കിൽ **Confirm Application** ബട്ടൺ ക്ലിക്ക് ചെയ്യുക. അപേക്ഷ സമർപ്പിക്കപ്പെട്ടതായി സ്ക്രീനിൽ തെളിയുന്നതാണ്.
5. Profile ഹോം പേജിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ കാണാൻ സാധിക്കുന്നതാണ്. അപേക്ഷയുടെ പകർപ്പും (Form 4) Hearing Notice (Form 12) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

**നിലവിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുള്ള ഒരു വോട്ടർക്ക് മറ്റൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ പേര് ചേർക്കുന്നതിനുള്ള നടപടി ക്രമം.**

1. നിലവിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയിൽ ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ പേര് ഉൾപ്പെട്ടിട്ടുള്ള ഒരു വോട്ടർക്ക് മറ്റൊരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ പേര് ചേർക്കുന്നതിന്, പുതിയതായി പേര് ചേർക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ ഓൺലൈൻ ആയി Form 4 ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. Name Inclusion (Form 4) ബട്ടൺ ക്ലിക്ക് ചെയ്യുക. അതിനുശേഷം "**നിലവിൽ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുണ്ട്**" എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.
3. വോട്ടറുടെ പുതിയ SEC ID നമ്പർ നൽകി submit ബട്ടൺ ക്ലിക്ക് ചെയ്യുക അപ്പോൾ വോട്ടർ പട്ടികയിലെ വോട്ടറെ സംബന്ധിച്ച നിലവിലെ വിവരങ്ങൾ സ്‌ക്രീനിൽ തെളിയും
4. വിവരങ്ങൾ ശരിയാണെങ്കിൽ Yes, Confirm and Proceed to next step ബട്ടൺ click ചെയ്യുക .
5. Form 4 ൽ പറഞ്ഞിരിക്കുന്നത് പോലെ പുതിയ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്കുള്ള Application Submit ചെയ്യുക.
6. ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷകൾ (ഫോം 4) ERO അംഗീകരിക്കുന്നതോടെ, മുൻപ് പേര് ഉൾപ്പെട്ടിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ERO-യ്ക്ക് Deletion Request സ്വയമേവ അയയ്ക്കപ്പെടും. അതിനാൽ അവിടത്തെ പേര് നീക്കം ചെയ്യുന്നതിനായി വോട്ടർ പ്രത്യേകം അപേക്ഷ (ഫോം 5) സമർപ്പിക്കേണ്ടതില്ല.

## Corrections (Form 6)

1. നിലവിൽ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ തിരുത്തുന്നതിന് ഫോറം 6 ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്, അതിനായി *Corrections (Form 6)* എന്ന button select ചെയ്യുക .
2. വോട്ടറുടെ പുതിയ SECID നമ്പർ നൽകി **Get Data** ബട്ടൺ ക്ലിക്ക് ചെയ്യുക.
3. വോട്ടറുടെ നിലവിലെ വിവരങ്ങൾ സ്ക്രീനിൻറെ ഇടത് വശത്ത് ലഭിക്കുന്നതാണ്. വേണ്ട തിരുത്തലുകൾ വലതുവശത്തെ കോളങ്ങളിൽ ചേർക്കാവുന്നതാണ്
4. ശേഷം **Submit** ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
5. Profile ഹോം പേജിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ കാണാൻ സാധിക്കുന്നതാണ്. പട്ടികയിൽ നിലവിൽ നൽകിയിട്ടുള്ള ഫോട്ടോയാണ് മാറ്റം വരുത്തേണ്ടതെങ്കിൽ 'Change Photo' button ക്ലിക്ക് ചെയ്ത് Photo upload ചെയ്യേണ്ടതാണ്.
6. Profile ഹോം പേജിൽ അപേക്ഷയുടെ പകർപ്പും (Form 6), Hearing Notice (Form 15) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

## Transposition (Form 7)

1. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു നിയോജക മണ്ഡലം / വാർഡിൽ നിന്ന് മറ്റൊരു നിയോജക മണ്ഡലം / വാർഡിലേക്കോ, ഒരു നിയോജക മണ്ഡലത്തിലെ / വാർഡിലെ ഒരു ഭാഗത്തിൽ നിന്ന് മറ്റൊരു ഭാഗത്തിലേക്കോ മാറുന്നതിനായി ഫോറം 7 ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ് , അതിനായി *Transposition (Form 7)* ബട്ടൺ സെലക്ട് ചെയ്യുക.
2. വോട്ടറുടെ പുതിയ SECID നമ്പർ നൽകി **Get Data** ബട്ടൺ ക്ലിക്ക് ചെയ്യുക.
3. വോട്ടറുടെ നിലവിലെ വിവരങ്ങൾ സ്ക്രീനിൻറെ ഇടത് വശത്ത് ലഭിക്കുന്നതാണ്. വേണ്ട മാറ്റങ്ങൾ വലതുവശത്തെ കോളങ്ങളിൽ നിന്ന് select ചെയ്ത് Submit ബട്ടൺ ക്ലിക്ക് ചെയ്യുക.
4. Profile ഹോം പേജിൽ അപേക്ഷയുടെ പകർപ്പും (Form 7) Hearing Notice (Form 15A) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്

## Deletion (Form 5)

1. വോട്ടർപട്ടികയിൽ പേര് ഉൾപെടുത്തുന്നതിലുള്ള/ ഉൾപ്പെടുത്തിയതിലുള്ള ആക്ഷേപം സമർപ്പിക്കുന്നതിനായി ഫോറം 5 ൽ അപേക്ഷ സമർപ്പിക്കണം.അതിയായി **Deletion Form 5** ന്റെ ആവശ്യമുള്ള ബട്ടൺ സെലക്ട് ചെയ്യുക.

5\. നിലവിലെ വോട്ടറുടെ പേര് ഒഴിവാക്കുന്നതിനായി(*Application for Name Deletion*) വോട്ടറുടെ പുതിയ SECID നമ്പർ നൽകി **Get Data** ബട്ടൺ ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

2\. ശേഷം ആക്ഷേപം സമാർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.

3\. വോട്ടർപട്ടികയിൽ പേര് ഉൾപെടുത്തുന്നതിലുള്ള ആക്ഷേപം (*Objection to Name inclusion*) സമർപ്പിക്കുന്നതിന് വോട്ടറുടെ Application ID നൽകി **Submit** ബട്ടൺ ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

4\. ശേഷം ആക്ഷേപം സമാർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.

5. വോട്ടർപട്ടികയിൽ സ്ഥാനമാറ്റം വരുത്തുന്നതിലുള്ള ആക്ഷേപം (*Objection for Transposition*) സമർപ്പിക്കുന്നതിന് വോട്ടറുടെ Application ID നൽകി **Submit** ബട്ടൺ ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.
6. ശേഷം ആക്ഷേപം സമാർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.
7. ഫോറം 5 അപേക്ഷകൾ ഓൺലൈനിൽ സമർപ്പിച്ച ശേഷം profile ൽ നിന്നും **അപേക്ഷ പ്രിന്റ് എടുത്ത് ഒപ്പിട്ട് നേരിട്ടോ തപാൽ മുഖേനയോ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് നൽകണം. ഓൺലൈനിൽ രജിസ്റ്റർ ചെയ്യാതെ തന്നെ ഫാറം 5 പൂരിപ്പിച്ച് ഒപ്പിട്ട് നേരിട്ടോ തപാലിലൂടെയോ നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ ഇലക്ടറൽ രെജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കാവുന്നതുമാണ്.**

# ഓൺലൈനായി പ്രവാസി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ (Citizen Profile)

1. യോഗ്യതാ തീയതിയായ 01.01.2025 നോ അതിന് മുമ്പോ 18 വയസ് പൂർത്തിയായിരിക്കുകയും വിദേശ രാജ്യത്ത് താമസിക്കുകയും വിദേശ രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്തവരുമായ ഭാരത പൗരനായിരിക്കണം അപേക്ഷകൻ.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റ് സന്ദർശിച്ച് (**www.sec.kerala.gov.in**) Sign In പേജിലെ **Citizen Registration** വഴി പേരും മൊബൈൽ നമ്പരും പാസ്സ്‌വേർഡും നൽകി profile create ചെയ്യാവുന്നതാണ്. OTP authentication നടന്ന mobile number ആയിരിക്കും ലോഗിൻ ചെയ്യുവാനുള്ള username.
3. Mobile number & password നൽകി ലോഗിൻ ചെയ്യുക. Profile ൽ ഫോം 4A ൽ പ്രവാസി വോട്ടർമാരുടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വലതുവശത്ത് മുകളിലായി ? (Help) ൽ Screen cast വീഡിയോകൾ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട രീതി മുഴുവനായി ആ വീഡിയോകളിൽ കാണാവുന്നതാണ്.
4. പ്രവാസി വോട്ടറായി അപേക്ഷ സമർപ്പിക്കുന്നതിന് **Pravasi Voter (Form 4A)** എന്ന button click ചെയ്യുക
5. അപേക്ഷകന്റെ വിശദവിവരങ്ങൾ നൽകി submit button click ചെയ്യുക
6. ഫോട്ടോ upload ചെയ്യുക (**Upload Photo**→ Browse Photo→Upload→ Procced)
7. ഡൗൺലോഡ് **Form 4A**
8. ഫാറം 4 എ-യിലുള്ള പ്രസ്തുത അപേക്ഷയുടെ പ്രിന്റ് എടുത്ത് ഒപ്പ് രേഖപ്പെടുത്തി തന്റെ പാസ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ട് നൽകുകയോ രജിസ്റ്റേർഡ് തപാൽമാർഗ്ഗം അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്. ഫോട്ടോ ഇതിനോടകം upload ചെയ്തിട്ടില്ലെങ്കിൽ ഫാറം 4 എ യിൽ ഫോട്ടോ പതിക്കുക.
9. നേരിട്ടോ തപാൽവഴിയോ അയയ്ക്കുന്ന ഫാറം 4 എ- യിലുള്ള ഓരോ അപേക്ഷയോടൊപ്പവും പ്രസ്തുത അപേക്ഷയിലെ (എ) മുതൽ (ഐ) വരെ നൽകിയിട്ടുള്ള വിവരങ്ങൾക്ക് ആധാരമായ പാസ്പോർട്ടിലെ പ്രസക്തമായ പേജുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷ നേരിട്ട് സമർപ്പിക്കുന്ന പക്ഷംപാസ്പോർട്ടിന്റെ അസൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.
10. അപേക്ഷകന്റെ വിസ, ഫോട്ടോ എന്നിവ മുദ്രണം ചെയ്ത് പാസ്പോർട്ടിന്റെ ബന്ധപ്പെട്ട പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ലഭ്യമാക്കണം.
11. അതാത് പ്രൊഫൈൽ വഴി സമർപ്പിച്ച അപേക്ഷകളുടെ ലിസ്റ്റും ബന്ധപ്പെട്ട ഫാറങ്ങളും Dashboard ൽ ലഭ്യമാകുന്നതാണ്. ഓരോ അപേക്ഷയിന്മേലും ഇലക്ടറൽ റെജിസ്ട്രേഷൻ ഓഫീസർമാർ എടുത്ത നടപടികളെ സംബന്ധിച്ച വിവരം status ഓപ്ഷൻ വഴി അപേക്ഷകർക്ക് അറിയാവുന്നതാണ്.
12. ഫാറം 4എ-യിലുള്ള അപേക്ഷ തയ്യാറാക്കുന്നതിനായി പ്രസ്തുത ഫാറങ്ങളോടൊപ്പം ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
13. ഇപ്രകാരം വോട്ടർപട്ടികയിൽ പേര ചേർക്കപ്പെടുന്ന പ്രവാസി ഭാരതീയർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി അസൽ പാസ്പോർട്ട് കാണിച്ചു വോട്ടു ചെയ്യാവുന്നതാണ്.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്
(ഹാജർ : PRAKASH.B.S)

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025-ലെ പൊതുതിരഞ്ഞെടുപ്പ് - വോട്ടർപട്ടിക പുതുക്കുന്നത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 12.08.2023-ലെ കമ്മീഷന്റെ ബി1/199/2022-സം.തി.ക നമ്പർ ഉത്തരവ്.

2) 28.05.2024-ലെ കമ്മീഷന്റെ ബി2/99/2024- സം.തി.ക നമ്പർ ഉത്തരവ്.

3) 25.01.2025, 06.06.2025 തീയതികളിലെ കമ്മീഷന്റെ ബി2/186/2024-സം.തി.ക നമ്പർ കത്തുകൾ.

**ഉത്തരവ് നം. B2/101/2025-SEC** തീയതി: 19-07-2025

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും, മുനിസിപ്പൽ കൗൺസിലുകളിലെയും, മുനിസിപ്പൽ കോർപ്പറേഷനുകളിലെയും നിലവിലുണ്ടായിരുന്ന വോട്ടർ പട്ടിക പരാമർശം (1), (2) പ്രകാരം 2023 ലും 2024 ലും സംക്ഷിപ്ത പുതുക്കൽ നടത്തി പ്രസിദ്ധീകരിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2025-ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലങ്ങൾ/വാർഡുകൾ പുനർവിഭജിച്ചതിന്റെയും അതിർത്തി നിർണ്ണയിച്ചതിന്റെയും അടിസ്ഥാനത്തിൽ അവയ്ക്കുള്ള പോളിംഗ് സ്റ്റേഷനുകൾ നിശ്ചയിച്ച് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഉത്തരവ് പുറപ്പെടുവിക്കുകയും അതനുസരിച്ച് നിലവിലുള്ള വോട്ടർപട്ടികയിലെ വോട്ടർമാരെ പുതിയ വാർഡുകളിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം, പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിലും, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലും വാർഡ് വിഭജനം നടക്കാത്തതിനാൽ നിലവിലുള്ള വാർഡുകളിലെ പോളിംഗ് സ്റ്റേഷനുകളിൽ വോട്ടർമാരെ ക്രമീകരിക്കുകയും ചെയ്തിരുന്നു.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2025-ൽ പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി 941 ഗ്രാമ പഞ്ചായത്തുകളിലെ 17337 നിയോജകമണ്ഡലങ്ങളിലെയും, മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള 86 മുനിസിപ്പാലിറ്റികളിലെ 3205 വാർഡുകളിലേയും, 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ 421 വാർഡുകളിലേയും വോട്ടർപട്ടിക പുതുക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ കാലാവധി 10.09.2027 ലാണ് അവസാനിക്കുന്നത്. അതിനാൽ, മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ 2025-ൽ പൊതുതിരഞ്ഞെടുപ്പ്

നടത്തേണ്ടതില്ല. എങ്കിലും, മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ വാർഡ് വിഭജനത്തിന് മുമ്പുള്ള 35 വാർഡുകളിലെ വോട്ടർ പട്ടികയും ഇതോടൊപ്പം പുതുക്കുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ, സംസ്ഥാനത്തെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2025-ലെ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേക്ക് ഡീലിമിറ്റേഷന് ശേഷമുള്ള പുതിയ വാർഡുകളിൽ ക്രമീകരിച്ച വോട്ടർപട്ടികയും, പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്ത്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ നിലവിലെ വാർഡുകളിൽ ക്രമീകരിച്ച വോട്ടർ പട്ടികയും **2025 ജൂലൈ 23 ന് (ബുധൻ)** കരടായി പ്രസിദ്ധീകരിച്ച് അനുബന്ധം 1 ലും, അനുബന്ധം 2 ലും ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പുതുക്കുന്നതിന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോട്ടും, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോടും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

Signed by
Prakash B S
Date: 19-07-2025 14:22:07
PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും

എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (അപ്പലേറ്റ് ഓഫീസർ & അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ- റൂറൽ)

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും (അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ- അർബൻ)

ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സർക്കിൾ

(അറിവിലേക്കും ആവശ്യമായ സഹായത്തിനുമായി)

പകർപ്പ് :-

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

കമ്മീഷണറുടെ പി.എസ്

സെക്രട്ടറിയുടെ സി.എ

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

## അനുബന്ധം - 1

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും/1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും, സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി വേണം വോട്ടർപട്ടിക പുതുക്കേണ്ടത്.
2. വോട്ടർപട്ടിക പുതുക്കുന്ന നടപടി തുടങ്ങും മുൻപ് പ്രസ്തുത നിയോജകമണ്ഡല/ വാർഡിലെ പട്ടിക പുതുക്കുന്നതിനെതിരെ എന്തെങ്കിലും കോടതി തീർപ്പുകളോ മറ്റ് നിർദ്ദേശങ്ങളോയില്ലെന്ന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ/ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.
3. വോട്ടർപട്ടിക തയ്യാറാക്കുന്ന കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർ മുഖേന സ്വീകരിക്കേണ്ടതാണ്. കൂടാതെ, ഇക്കാര്യത്തിൽ മതിയായ പ്രചാരണം നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്. അക്ഷയ സെന്ററുകൾ, അംഗൻവാടികൾ, ലൈബ്രറികൾ, റേഷൻകടകൾ, പബ്ലിക്ക് നോട്ടീസ് ബോർഡുകൾ, സാംസ്കാരിക നിലയങ്ങൾ മുതലായവയിലൂടെയും, സോഷ്യൽ മീഡിയയിലൂടെയും, പത്രവാർത്ത, മൈക്ക് അനൗൺസ്മെന്റ് എന്നീ രീതികളിലൂടെയും പ്രചാരണം നടത്തേണ്ടതാണ്.
4. **<u>വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2025 ആണ്.</u> യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള 2025 ജനവരി 1-ാം തീയതിയോ അതിനുമുമ്പോ 18 വയസ് തികഞ്ഞവരെ മാത്രമേ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. ഇക്കാര്യം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.**
5. 2025-ലെ വാർഡ് പുനർവിഭജനത്തിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുതിയ വാർഡുകളിൽ പുനക്രമീകരിച്ച വോട്ടർപട്ടിക അടിസ്ഥാനമാക്കി വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കരട് വോട്ടർ പട്ടിക തയ്യാറാക്കേണ്ടത്. എന്നാൽ, പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിലും, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലും കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലും നിലവിലെ വാർഡുകളിൽ ക്രമീകരിച്ച കരട് വോട്ടർ പട്ടികയാണ് പ്രസിദ്ധീകരിക്കേണ്ടത്.
6. 2024-ൽ സമ്മറി റിവിഷൻ നടന്ന സമയത്തോ അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടിക പുതുക്കൽ നടത്തിയ സമയത്തോ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും അപ്പീൽ അനുവദിക്കുകയും സമയ പരിധി കഴിഞ്ഞതിനാൽ അവരുടെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ കമ്മീഷനിലെ IT സെല്ലുമായി ബന്ധപ്പെട്ട് പ്രസ്തുത വോട്ടർമാരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

7. വാർഡ് വിഭജനത്തിന് ശേഷം വാർഡുകളിൽ പുനക്രമീകരിച്ച വോട്ടർപട്ടിക കമ്മീഷന്റെ https://www.sec.kerala.gov.in വെബ് സൈറ്റിൽ ലഭ്യമാണ്. അവയിൽ അപാകതകൾ ഇല്ലെന്ന് ഉറപ്പാക്കിവേണം ഡൗൺലോഡ് ചെയ്ത് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കേണ്ടത്.
8. കരട് വോട്ടർപട്ടികയും അതു സംബന്ധിച്ച 3-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസും ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാ ഓഫീസിലും അതാത് ബ്ലോക്ക് ആസ്ഥാനത്തും വില്ലേജാഫീസിലും താലൂക്കാഫീസിലും <u>23.07.2025 **(ബുധൻ)**</u>-ൽ പ്രസിദ്ധപ്പെടുത്തണം. പഞ്ചായത്തുകളെ സംബന്ധിച്ച കരട് വോട്ടർ പട്ടിക അതാത് ബ്ലോക്ക്, പഞ്ചായത്ത് ആസ്ഥാനത്തുംകൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ള രേഖ ബന്ധപ്പെട്ട ആഫീസ് തലവൻമാരിൽ നിന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരിൽ നിന്നും വാങ്ങി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും അത് സംബന്ധിച്ച സാക്ഷ്യപത്രം അന്നേ ദിവസം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കുകയും വേണം.
9. കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം മരണപ്പെട്ടവരുടെ പേരുവിവരം, ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ഉറപ്പുവരുത്തിയശേഷം അപ്രകാരമുള്ള പേരു വിവരവും മറ്റ് വിശദാംശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അപ്രകാരം പ്രസിദ്ധപ്പെടുത്തി 7 (ഏഴ്) ദിവസത്തിനുശേഷം ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പോ അഭിപ്രായമോ ആക്ഷേപമോ ലഭിക്കാത്തപക്ഷം, മരണപ്പെട്ട ആളുടെ പേരു വിവരം, നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വമേധയാ നീക്കം ചെയ്യേണ്ടതുമാണ്.
10. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷകളും **(ഫാറം 4)** വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച ആക്ഷേപങ്ങളും **(ഫാറം 6)** ഒരു പോളിംഗ് സ്റ്റേഷനിൽ നിന്നും മറ്റൊരു പോളിംഗ് സ്റ്റേഷനിലേയ്ക്കോ ഒരു നിയോജകമണ്ഡല / വാർഡിൽ നിന്നും മറ്റൊരു നിയോജകമണ്ഡല /വാർഡിലേയ്ക്കോ ഉള്ള സ്ഥാനമാറ്റം സംബന്ധിച്ച അപേക്ഷകളും **(ഫാറം 7)** ഓൺലൈനായി വേണം സ്വീകരിയ്ക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപങ്ങൾ **(ഫാറം 5)** ഓൺലൈനിൽ രജിസ്റ്റർ ചെയ്ത ശേഷം അവയുടെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം. ഓൺലൈനിൽ രജിസ്റ്റർ ചെയ്യാതെ തന്നെ **ഫാറം** 5 പൂരിപ്പിച്ച് ഒപ്പിട്ട് നേരിട്ടോ തപാലിലൂടെയോ നിർദ്ദിഷ്ട സമയപരിധിയിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കാവുന്നതുമാണ്. ഈ വിധം സമർപ്പിക്കപ്പെടുന്ന എല്ലാ ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി യഥാസമയം സ്വീകരിയ്ക്കേണ്ടതാണ്.
11. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തനിക്ക് യഥാവിധി ലഭിക്കുന്ന ഓരോ അവകാശവാദവും ആക്ഷേപവും സംബന്ധിക്കുന്ന വിവരങ്ങൾ അതാത് സംഗതിപോലെ 9, 10, 11 നമ്പർ

ഫോറങ്ങളിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതും, അത്തരം ലിസ്റ്റുകളുടെ ഓരോ കോപ്പി പ്രസ്തുത ആക്ഷേപങ്ങളിലും അവകാശവാദങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതുവരെ പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

12. മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടതാണ്. **ഓൺലൈൻ അപേക്ഷകളിൻമേൽ നടപടി എടുക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്.**

13. മുൻ അപ്പീൽ തീരുമാനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി ഉൾപ്പെടുത്തി അന്തിമ വോട്ടർപട്ടിക **ഫാറം 16** -ൽ 30.08.2025(ശനി) ന് നിശ്ചിത സ്ഥലങ്ങളിൽ പ്രസിദ്ധീകരിക്കണം. അന്തിമ വോട്ടർ പട്ടിക എല്ലാ തദ്ദേശ സ്ഥാപനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പ് വരുത്തി അന്നേ ദിവസം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

14. **പ്രവാസി ഭാരതീയരുടെ വോട്ടർപട്ടികയും ഇതോടൊപ്പം തയ്യാറാക്കേണ്ടതാണ്. പ്രവാസി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഫാറം 4എ-ലെ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ കമ്മീഷന്റെ** https://www.sec.kerala.gov.in **എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിർദ്ദിഷ്ട തീയതിക്കകം നേരിട്ടോ തപാലിലൂടെയോ ഒപ്പ് രേഖപ്പെടുത്തി ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ പകർപ്പുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് അന്തിമ പട്ടിക തയ്യാറാക്കേണ്ടതും അവ യഥാവിധി പ്രസിദ്ധീകരിക്കുന്നതിനൊപ്പം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഔദ്യോഗിക വെബ് സൈറ്റിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതുമാണ്.**

15. കരട് വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടികയുടെയും (സപ്ലിമെന്ററികൾ ഉൾപ്പെടെ) രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ദേശീയ രാഷ്ട്രീയ പാർട്ടികൾക്കും, കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും സൗജന്യമായി നൽകേണ്ടതാണ്. മറ്റുള്ളവർക്ക് പേജ് ഒന്നിന് രൂപ 3+GST എന്ന നിരക്കിൽ വിലയ്ക്ക് നൽകാവുന്നതാണ്.

16. വോട്ടർപട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവരുടെ തീരുമാനങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ബന്ധപ്പെട്ട അപേക്ഷകർക്കും ആക്ഷേപകർക്കും രേഖാമൂലം കൈമാറേണ്ടതുമാണ്. വോട്ടർപട്ടിക പുതുക്കൽ പ്രക്രിയ ആരംഭിക്കുന്നത് മുതൽ അന്തിമമാക്കുന്നതുവരെയുള്ള നടപടിക്രമങ്ങളുടെ രേഖകൾ ക്രമനമ്പരിട്ട് ഫയലായി സൂക്ഷിച്ചുപോരേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുമുള്ള പരിശോധനക്കും വിധേയമാക്കേണ്ടതുമാണ്.

17. ERMS (Electoral Roll Management System) - സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന അന്തിമ

വോട്ടർ പട്ടികയിൽ കൂട്ടിചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നീ സപ്ലിമെന്ററി പട്ടികകൾ ജനറേറ്റ് ചെയ്ത് വന്നിട്ടുണ്ടോയെന്നും കൂട്ടിചേർക്കലുകൾക്ക് കരട് പട്ടികയ്ക്കുശേഷമുള്ള തുടർച്ചയായ ക്രമനമ്പറുകൾ വന്നിട്ടുണ്ടോയെന്നും അതോടൊപ്പം, വീട്ടു നമ്പർ, ഫോട്ടോ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെയെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

18. അപേക്ഷകർ, ആക്ഷേപകർ ഉന്നയിച്ചിട്ടുള്ള അവകാശ വാദങ്ങളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ കൈക്കൊള്ളുന്ന ഏതൊരു തീരുമാനത്തിനുമെതിരെ അതത് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (അപ്പലേറ്റ് ഓഫീസർ) മുമ്പാകെ ചട്ടപ്രകാരം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

19. വിദൂരസ്ഥലങ്ങളിൽ പഠനം, ജോലി തുടങ്ങിയവയുമായി ബന്ധപ്പെട്ട നേരിട്ടുള്ള ഹിയറിംഗിനു ഹാജരാവാൻ കഴിയാത്തവർക്ക് മാത്രമായി ഓൺലൈൻ ഹിയറിങ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഇതിനായി ഓൺലൈനായി സമർപ്പിച്ച എല്ലാ വിവരങ്ങളും ഉൾപ്പെട്ട അപേക്ഷയുടെ പ്രിൻറ്ഔട്ടിൽ അപേക്ഷകൻ ഒപ്പ് രേഖപ്പെടുത്തി ഇ-മെയിലായോ മറ്റു രീതിയിലോ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതും അപേക്ഷയിലെ നിജസ്ഥിതി ബോധ്യപ്പെട്ട് പട്ടികയിൽ പേരുൾപ്പെടുത്താനുള്ള നടപടികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണ്.

20. സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ പട്ടിക പുതുക്കൽ പ്രക്രിയയിൽ നടപടിക്രമങ്ങൾ എല്ലാം പാലിക്കേണ്ടതും അനർഹരായ വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും, അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഔദ്യോഗിക കർത്തവ്യലംഘനം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 28-ാം വകുപ്പോ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 84 എ വകുപ്പോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

21. **<u>കമ്മീഷൻ കാലാകാലങ്ങളിൽ സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യത കൽപ്പിച്ചവരിൽ നിലവിൽ അയോഗ്യതയുള്ളവർ മേൽപ്പറഞ്ഞപ്രകാരം തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെട്ടുവരുന്നെങ്കിൽ അത്തരം പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതും അത്തരം ആളുകളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി അന്തിമപട്ടികയോടൊപ്പം വരണാധികാരിക്ക് നൽകേണ്ടതുമാണ്.</u>**

22. ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ, ജില്ലാ ഇൻഫർമേഷൻ ആഫീസർ, അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടർ എന്നിവരുടെ ഒരു യോഗം കളക്ടറേറ്റിൽ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും വോട്ടർപട്ടിക പുതുക്കുന്നതിന്റെ

നടപടിക്രമങ്ങൾ വിശദീകരിക്കേണ്ടതുമാണ്. പ്രസ്തുത യോഗതീയതി തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. അതോടൊപ്പം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി തലത്തിൽ ഒരു സർവകക്ഷിയോഗം ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറുടെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർത്ത് വോട്ടർ പട്ടിക പുതുക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദമാക്കേണ്ടതാണ്. വോട്ടർ പട്ടിക പുതുക്കുന്നത് സംബന്ധിച്ച കാര്യപരിപാടികൾ ചുവടെ ചേർക്കുന്നു.

**വോട്ടർപട്ടിക പുതുക്കൽ - കാര്യപരിപാടി**

| | |
|---|---|
| കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | 23.07.2025 (ബുധൻ) |
| അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന അവസാന തീയതി | 07.08.2025 (വ്യാഴം) |
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കൽ | 29.08.2025 (വെള്ളി) |
| അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | 30.08.2025 (ശനി) |

# അനുബന്ധം 2

## ഓൺലൈനായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും, ഒഴിവാക്കുന്നതിനും, തിരുത്തലുകൾ വരുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ (Citizen Profile)

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റ് സന്ദർശിച്ച് (www.sec.kerala.gov.in) Sign In പേജിലെ **Citizen Registration** വഴി പേരും മൊബൈൽ നമ്പരും പാസ്സ്‌വേർഡും നൽകി profile create ചെയ്യാവുന്നതാണ്. OTP authentication നടന്ന mobile നമ്പർ ആയിരിക്കും ലോഗിൻ ചെയ്യുവാനുള്ള username.
2. Username & password നൽകി ലോഗിൻ ചെയ്യുക. Profile ൽ ഫോം 4, ഫോം 5, ഫോം 6, ഫോം 7 ഉം പ്രവാസി വോട്ടർമാരുടെയും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വലതുവശത്ത് മുകളിലായി (Help) ൽ Screen cast വീഡിയോകൾ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട രീതി മുഴുവനായി ആ വീഡിയോകളിൽ കാണാവുന്നതാണ്.
3. അതാത് പ്രൊഫൈൽ വഴി സമർപ്പിച്ച അപേക്ഷകളുടെ ലിസ്റ്റും ബന്ധപ്പെട്ട ഫാറങ്ങളും Dashboard ൽ ലഭ്യമാകുന്നതാണ്. ഓരോ അപേക്ഷയിന്മേലും ഇലക്ട്‌റൽ റെജിസ്ട്രേഷൻ ഓഫീസർമാർ എടുത്ത നടപടികളെ സംബന്ധിച്ച വിവരം status ഓപ്ഷൻ വഴി അപേക്ഷകർക്ക് അറിയാവുന്നതാണ്.

**Name Inclusion (Form 4)**

4. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയിൽ കേരളത്തിൽ എവിടെയെങ്കിലും നിങ്ങളുടെ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ നൽകി മറ്റൊരു LSGI യിലേക്ക് മാറ്റുന്നതിനും ആദ്യമായി പേര് ചേർക്കുന്നതിനും Name Inclusion (Form 4) എന്ന button സെലക്റ്റ് ചെയ്യുക.
5. ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ എന്നിവ തിരഞ്ഞെടുക്കുക. അതേ ഭാഗത്തിൻറെ വോട്ടർ പട്ടികയിലെ നിങ്ങളുടെ കുടുംബാംഗത്തിന്റെയോ അയൽവാസിയുടെയോ സീരിയൽ നമ്പർ കൊടുക്കുയും ശേഷം വോട്ടറുടെയും രക്ഷകർത്താവിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുക.
6. വോട്ടറുടെ ഫോട്ടോ അപ്‌ലോഡ് ചെയ്ത് proceed ക്ലിക്ക് ചെയ്യുക
7. വോട്ടർ നൽകിയ വിവരങ്ങൾ സ്ക്രീനിൽ ലഭ്യമാകും. അവ പരിശോധിച്ചതിന് ശേഷം ശരിയാണെങ്കിൽ **Confirm Application** button click ചെയ്യുക. അപേക്ഷ സമർപ്പിക്കപ്പെട്ടതായി സ്ക്രീനിൽ തെളിയുന്നതാണ്.
8. Profile ഹോം പേജിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ കാണാൻ സാധിക്കുന്നതാണ്. അപേക്ഷയുടെ പകർപ്പും(Form 4) Hearing Notice (Form 12) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

Corrections **(Form 6)**

9. നിലവിൽ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ തിരുത്തുന്നതിന് ഫോറം 6 ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്, അതിനായി Corrections (Form 6) എന്ന button സെലക്റ്റ് ചെയ്യുക .

10. വോട്ടറുടെ ജില്ല , തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി **Get Data** button ക്ലിക്ക് ചെയ്യുക.
11. വോട്ടറുടെ നിലവിലെ വിവരങ്ങൾ സ്ക്രീനിൻറെ ഇടത് വശത്ത് ലഭിക്കുന്നതാണ്. വേണ്ട തിരുത്തലുകൾ വലതുവശത്തെ കോളങ്ങളിൽ ചേർക്കാവുന്നതാണ്
12. ശേഷം **Submit** button ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
13. Profile ഹോം പേജിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ കാണാൻ സാധിക്കുന്നതാണ്. പട്ടികയിൽ നിലവിൽ നൽകിയിട്ടുള്ള ഫോട്ടോയാണ് മാറ്റം വരുത്തേണ്ടതെങ്കിൽ 'Change Photo' button ക്ലിക്ക് ചെയ്ത് Photo upload ചെയ്യേണ്ടതാണ് .
14. Profile ഹോം പേജിൽ അപേക്ഷയുടെ പകർപ്പും (Form 6) Hearing Notice (Form 15) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

**<u>Transposition (Form 7)</u>**

15. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു നിയോജക മണ്ഡലം / വാർഡിൽ നിന്ന് മറ്റൊരു നിയോജക മണ്ഡലം / വാർഡിലേക്കോ, ഒരു നിയോജക മണ്ഡലത്തിലെ / വാർഡിലെ ഒരു ഭാഗത്തിൽ നിന്ന് മറ്റൊരു ഭാഗത്തിലേക്കോ മാറുന്നതിനായി ഫോറം 7 ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ് , അതിനായി Transposition (Form 7) button സെലക്ട് ചെയ്യുക.
16. വോട്ടറുടെ ജില്ല , തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി **Get Data** button ക്ലിക്ക് ചെയ്യുക.
17. വോട്ടറുടെ നിലവിലെ വിവരങ്ങൾ സ്ക്രീനിൻറെ ഇടത് വശത്ത് ലഭിക്കുന്നതാണ്. വേണ്ട മാറ്റങ്ങൾ വലതുവശത്തെ കോളങ്ങളിൽ നിന്ന് സെലക്ട് ചെയ്ത് Submit button ക്ലിക്ക് ചെയ്യുക.
18. Profile ഹോം പേജിൽ അപേക്ഷയുടെ പകർപ്പും (Form 7) Hearing Notice (Form 15A) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്

**<u>Deletion (Form 5)</u>**

19. വോട്ടർപട്ടികയിൽ പേര് ഉൾപെടുത്തുന്നതിലുള്ള / നിലവിലെ വോട്ടറുടെ പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപം സമർപ്പിക്കുന്നതിനായി ഫോറം 5 ൽ അപേക്ഷ സമർപ്പിക്കണം.അതിയായി Deletion Form 5 ന്റെ ആവശ്യമുള്ള button സെലക്ട് ചെയ്യുക.
20. വോട്ടർപട്ടികയിൽ പേര് ഉൾപെടുത്തുന്നതിലുള്ള ആക്ഷേപം(Objection to Name inclusion) സമർപ്പിക്കുന്നതിന് വോട്ടറുടെ അപ്ലിക്കേഷൻ ID നൽകി Submit button ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.
21. ശേഷം ആക്ഷേപം സമാർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.
22. നിലവിലെ വോട്ടറുടെ പേര് ഒഴിവാക്കുന്നതിനായി(Application for Name Deletion) വോട്ടറുടെ ജില്ല , തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി **Get Data** button ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.
23. ശേഷം ആക്ഷേപം സമാർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.
24. ഫോറം 5 അപേക്ഷകൾ ഓൺലൈനിൽ സമർപ്പിച്ച ശേഷം profile ൽ നിന്നും **അപേക്ഷ പ്രിന്റ് എടുത്ത് ഒപ്പിട്ട് നേരിട്ടോ തപാൽ മുഖേനയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്, അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല.**

# ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈൻ അപേക്ഷകളിൽ സ്വീകരിക്കേണ്ട നടപടികൾ

1. അപേക്ഷകൻ കമ്മീഷന്റെ https://www.sec.kerala.gov.in എന്ന സൈറ്റിലൂടെയാണ് ഓൺലൈൻ അപേക്ഷകൾ അയയ്ക്കേണ്ടത്.
2. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും (ഫാറം 4) ഉൾക്കു റിപ്പകളിൽ തിരുത്തലുകൾ വരുത്തുന്നതിനും (ഫാറം 6) പേരു വിവരം ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേയ്ക്കോ വാർഡി ലേയ്ക്കോ മാറ്റുന്നതിനും (ഫാറം 7) ഉള്ള അപേക്ഷകൾ/ആക്ഷേപങ്ങൾ ഓൺലൈനിലൂടെ മാത്രം സ്വീകരിക്കേണ്ടതാണ്.
3. ഓൺലൈൻ അപേക്ഷകൾ അയയ്ക്കുമ്പോൾ തന്നെ അപേക്ഷകന് നേർവിചാരണയ്ക്കുള്ള നോട്ടീസ് (യഥാക്രമം ഫാറം 12, 15, 15 എ) ലഭിക്കും.
4. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് അല്ലെങ്കിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച ആക്ഷേപങ്ങൾ ഫാറം 5-ൽ ആക്ഷേപങ്ങൾ (ഫോറം 5) ഓഫ്‌ലൈനായും ഓൺലൈനായും സമർപ്പിക്കാവുന്നതാണ്. ആക്ഷേപങ്ങൾ (ഫോറം 5) ഓൺലൈനായി സമർപ്പിച്ചതിനു ശേഷം പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തി ആക്ഷേപകർ നേരിട്ടോ തപാലിലോ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് ലഭ്യമാക്കിയാൽ മാത്രമേ ആക്ഷേപം സാധു ആകുകയുള്ളൂ.നേരിട്ടോ തപാലിലൂടെയോ വേണം സ്വീകരിക്കേണ്ടത്. 8-ാം ഫാറത്തിലെ അപേക്ഷ യും നേരിട്ട് വേണം സ്വീകരിക്കേണ്ടത്. എന്നാൽ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ 8-ാം നമ്പർ ഫാറത്തിലെ ആപേക്ഷ സ്വീകരിക്കാൻ പാടുള്ളൂ.
5. നേരിട്ട് ലഭിച്ച ഫോറം 5 ക്ലാർക്ക് ഓൺലൈനിൽ രേഖപ്പെടുത്തുക. ഓൺലൈനിൽ ലഭിച്ച ഫോം 5 ന്റെ ഒപ്പിട്ട ഫിസിക്കൽ കോപ്പി കിട്ടിയാൽ കിട്ടിയ ദിവസവും സമയവും ക്ലാർക്ക് രേഖപ്പെടുത്തി വെരിഫൈ ചെയ്ത് കഴിഞ്ഞാൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേർവിചാരണയ്ക്കുള്ള തീയതി അസൈൻ ചെയ്യുവാൻ സാധിക്കും. നേർവിചാരണയ്ക്കുള്ള തീയതി സെറ്റ് ചെയ്ത ശേഷം ഫോറം 13, 14 എന്നിവ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ആക്ഷേപകന് ഫാറം 13-ലും ആർക്കെതിരെയാണോ ആക്ഷേപം ഉന്നയിക്കുന്നത് അയാൾക്ക് ഫാറം 14-ലും നേർവിചാരണക്കുള്ള നോട്ടീസ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിലവിലെ രീതിയനുസരിച്ച് നൽകണം.
6. https://www.sec.kerala.gov.in/ എന്ന സൈറ്റിൽ ലോഗിൻ ചെയ്ത് ഓരോ ദിവസവും ഓൺലൈനിലൂടെ ലഭിക്കുന്ന അപേക്ഷകളുടെയും/ആക്ഷേപങ്ങളുടേയും ലിസ്റ്റുകൾ (ഫാറം 9, 10, 11) പ്രിന്റ് എടുത്തു പ്രസിദ്ധീകരിക്കേണ്ടതാണ് [ERO (LB_Admin Delimitation 2025) / Clerk (LB_User)→Reports→ Download Form 9, Form 11 →Date →Form 9/Form 11→ Print].
7. ഫാറം 5,8 എന്നിവയിൽ നേരിട്ട് ലഭിക്കുന്ന ആക്ഷേപങ്ങളുടെ ലിസ്റ്റ് ഫാറം 10-ൽ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ഫാറം 5 ൽ ലഭിച്ച ആക്ഷേപങ്ങൾക്ക് നേർവിചാരണ തീയതി ഇലക്ട്റൽ രജിസ്ട്രേഷൻ ഓഫീസർക്ക് ഓൺലൈനായി എന്റർ ചെയ്യാവുന്നതാണ്. അതിനു ശേഷം ഫാറം 10 ക്ലർക്കിന് ഡൗണ്ലോയ ചെയ്യെടുക്കാനാകും.[ (ERO (LB_Admin Delimitation 2025) / Clerk (LB_User)→Reports→ Download Form 10→Date → Form 10→Print].
8. ഓരോ ദിവസവും നേർവിചാരണയ്ക്ക് അപേക്ഷകർ ഹാജരാകുന്ന മുറയ്ക്ക് അവരുടെ അപേക്ഷ പരിശോധിക്കുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും സെക്ഷൻ ക്ലാർക്കിനെ (LB_User) ചുമതലപ്പെടുത്തേണ്ടതാണ്.
9. അപേക്ഷകർ നേർവിചാരണയ്ക്ക് ഹാജരാകുന്ന മുറയ്ക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള ഓരോ അപേക്ഷയും ഡല്യ വിശദമായി പരിശോ ധിക്കേണ്ടതും ആവശ്യമെങ്കിൽ തിരുത്തലുകൾ

വരുത്തേണ്ടതുമാണ്. തുടർന്ന് അവയുടെ പ്രിന്റ് എടുത്ത് അതിൽ അപേക്ഷകന്റെ ഒപ്പ് വാങ്ങേണ്ടതാണ്. പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോ അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ വാങ്ങി അപ്‌ലോഡ് ചെയ്യേണ്ടതും അപേക്ഷയിൽ ഒട്ടിക്കേണ്ടതുമാണ്. [LB_User→eRolls→ Operations → Verify Name Inclusion/Corrections/Transpositions → List →(Voter) Action → Upload Photo (if needs)→ (Voter) Action → Verify/ Reject_Verify→Verify/ Reject Verify → Forward to ERO for Confirmation].

10. യൂസർ verify ചെയ്ത് അയക്കുന്ന അപേക്ഷകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് Admin profile-ൽ ലഭ്യമാകും.
11. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (LB_Admin) പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിക്കണം. ആവശ്യമെങ്കിൽ, തുടർ അന്വേഷണം നടത്തുകയും വേണം. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, ഇലക്ടറൽ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അപേക്ഷ സ്വീകരിക്കു കയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. തുടർന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രസ്തുത അപേക്ഷയുടെ പ്രിന്റിലും ഓൺലൈനിലും ആവശ്യമായ എൻട്രി വരുത്തണം. LB_User→eRolls→ Operations →Approve Name Inclusion/ Corrections/ Transpositions → List → (Voter) Action → Approve/ Reject
12. പേര് ഉൾപ്പെടുത്തുമ്പോൾ അപേക്ഷിക്കുന്ന ഒരാൾ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വോട്ടറാണെങ്കിൽ, ആ ജില്ല യുടെ പേരും തിരിച്ചറിയൽ കാർഡ് നമ്പരും കൂടി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു വോട്ടറുടെ പേര് ചേർക്കുമ്പോൾ നിലവിലുള്ള പേരുവിവരം ഒഴിവാക്കുന്നതിന് ആ സ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈൻ നിർദ്ദേശം ലഭിക്കുന്നതാണ് [LB_Admin→eRolls→ Operations→ Approve Deletions (Form5/ Form8/ Deletion Requests)→List→ (voter) Action → Approve]
13. ഫാറം 5-ലും 8-ലും ലഭിക്കുന്ന ആക്ഷേപങ്ങൾ നേർവിചാരണയ്ക്കും തുടർ അന്വേഷണത്തിനും ശേഷം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. അവ അംഗീകരിക്കുന്ന പക്ഷം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈനിലൂടെ ആവശ്യമായ എൻട്രി വരുത്തേണ്ടതാണ്.[LB_Admin→eRolls→ Operations→ Approve Deletions (Form5/ Form8/ Deletion Requests)→List→ (voter) Action → Approve]
14. അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിവരം അപേക്ഷകനെ നേരിട്ടോ തപാലിലൂടെയോ അറിയിക്കേണ്ടതാണ്.
15. പുതിയതായി പേര് ഉൾപ്പെടുത്തുന്നവർക്ക് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിലുള്ള ഒരു തിരിച്ചറിയൽ രേഖ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ നൽകേണ്ടതാണ്.